**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6531 — 09.07.2014 ൽ മറുപടിയ്ക്ക്

# സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ നടത്തുന്നത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കുമോ | (എ) | 1974 -ലെ വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്ട്സിലെ സെക്ഷൻ 12 ലെ 3-ാം ഉപവിഭാഗത്തിൽ ബോർഡിലെ മെച്ചപ്പെട്ട പ്രവർത്തനത്തിന് സർക്കാർ അംഗീകൃത റഗുലേഷൻസ് പ്രകാരം ജീവനക്കാരെ ബോർഡിന് നേരിട്ട് നിയമിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിലുള്ള ഒഴിവുകളിലേക്ക് നേരിട്ട് നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഏത് ഉത്തരവ് പ്രകാരമാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | പരിസ്ഥിതി വകുപ്പിന്റെ 20.06.2014 ലെ ഉത്തരവ് നമ്പർ സ.ഉ(കൈ)നം.08/14/പരി, പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി വഴിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി ക്കു വിടുന്നതു സംബന്ധിച്ച നിയമ നിർമ്മാണം നടത്തുന്നതിനുള്ള ബിൽ 153-ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

പരിസ്ഥിതി വകുപ്പ്-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്-നിലവിലുള്ള ഒഴിവുകളിലേക്ക് ഒറ്റത്തവണ നേരിട്ടു നിയമനം നടത്തുന്നതിനുള്ള നടപടി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരിസ്ഥിതി (എ) വകുപ്പ്

സ.ഉ.(കൈ) നം.08/14/പരി. തീയതി, തിരുവനന്തപുരം 20.06.2014

പരാമർശം: (1) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഡയറക്ടർമാരുടെ 184-ാം യോഗതീരുമാനം

(2) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന്റെ 07.05.2014 ലെ പി സി ബി/ഇ1/1003/14 നമ്പർ കത്ത്

## ഉത്തരവ്

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സാങ്കേതിക വിഭാഗത്തിലും മിനിസ്റ്റീരിയൽ വിഭാഗത്തിലുമായി ആകെ 301 തസ്തികകൾ നിലവിലുണ്ട്. അവയിൽ 75 % തസ്തികകളും ഒഴിഞ്ഞു കിടക്കുന്നത് ബോർഡിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും, ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിൽ ഇത് വിഘാതം സൃഷ്ടിക്കുന്നുണ്ടെന്നും പരാമർശം (1) ഉം (2) ഉം പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്. സാധ്യമായ തസ്തികകളിൽ ഡെപ്യൂട്ടേഷൻ മുഖേന താൽക്കാലികമായി നിയമനം നടത്തി വരികയാണ്. ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ നിയമനം സംബന്ധിച്ച് നിലവിൽ വന്ന പൊതുവായ ചില വ്യവസ്ഥകൾ ബോർഡിലെ നിയമന കാര്യത്തിനും തടസ്സങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. ബോർഡിൽ നിലവിലുള്ള ഒഴിവുകളും 6 മാസത്തിനകം ഉണ്ടാകാനിടയുള്ള ഒഴിവുകളും താഴെ പട്ടികയിൽ ചേർത്തിരിക്കും പ്രകാരമാണ്.

| | എൻട്രി കേഡർ തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലെ എണ്ണം | ഒഴിവുകൾ | ആറുമാസത്തിനുള്ളിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ | ആകെ ഒഴിവുകൾ |
|---|---|---|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 32 | 21 | 11 | 2 | 13 |
| 2 | അസിസ്റ്റന്റ് സയന്റിസ്റ്റ് | 11 | 7 | 4 | 2 | 6 |
| 3 | സീനിയർ സയന്റിഫിക് അസിസ്റ്റന്റ്/ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് | 37 | 0 | 37 | | 37 |
| 4 | അസിസ്റ്റന്റ് | 39 | 13 | 26 | | 26 |
| 5 | സി.എ | 4 | 1 | 3 | | 3 |
| 6. | ടൈപ്പിസ്റ്റ് (തസ്തിക കമ്പ്യൂട്ടർ അസിസ്റ്റന്റായി പുനർ നാമകരണം ചെയ്യാവുന്നതാണ്. | 21 | 4 | 17 | | 17 |
| 7 | ഡ്രൈവർ | 27 | 7 | 20 | 1 | 21 |
| 8 | അറ്റന്റർ | 14 | 4 | 10 | | 10 |

| | | | | | | |
|---|---|---|---|---|---|---|
| 9 | പ്യൂൺ/ബ്ലൂ പ്രിന്റർ | 29 | 0 | 29 | | 29 |
| 10 | വാച്ച്മാൻ | 4 | 0 | 4 | | 4 |
| | ആകെ | 218 | 57 | 161 | 5 | 166 |

2. 1974 ലെ വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്ടിന്റെ സെക്ഷൻ 12 ലെ 3-ാം ഉപവിഭാഗത്തിൽ ബോർഡിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിന് സർക്കാർ അംഗീകൃത റൂൾസ് പ്രകാരം ജീവനക്കാരെ ബോർഡിന് നിയമിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബോർഡിന്റെ അപേക്ഷ പരിഗണിച്ച് 16.03.1994 ലെ 50685/ജെ3/91/ആകുവ നമ്പർ സർക്കാർ കത്ത് പ്രകാരം ബോർഡിന് നേരിട്ട് റഗുലർ നിയമനം നടത്തുവാൻ അനുമതി നൽകിയിരുന്നു. ഇതേ മാതൃകയിൽ ബോർഡിലെ എഞ്ചിനീയറിംഗ്/സയന്റിഫിക് വിഭാഗങ്ങളിലെ ഒഴിവുകൾ LBS മുഖേനയും, മിനിസ്റ്റീരിയൽ തസ്തികകളിലേക്ക് IMG മുഖേനയും നേരിട്ട് നിയമനം നടത്താനുള്ള നിർദ്ദേശം 1-ാമതു സൂചിപ്പിച്ച ബോർഡു തീരുമാനപ്രകാരം സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ഒഴിവുകളിൽ ഇതുവരെ ചെയ്തിരുന്ന രീതിയിൽ നേരിട്ട് നിയമനം നടത്തുന്നതിനുള്ള അനുമതി നൽകണമെന്നും ചെയർമാൻ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മുൻ പട്ടികയിലെ 1 മുതൽ 3 വരെ ക്രമനമ്പരിലുള്ള എഞ്ചിനീയറിംഗ്/സയന്റിഫിക് തസ്തികകളിലേക്ക് LBS മുഖേനയും, 4 മുതൽ 10 വരെ ക്രമനമ്പരിലുള്ള മിനിസ്റ്റീരിയൽ തസ്തികകളിലേക്ക് IMG മുഖേനയും, നിലവിലുള്ളതും ആറുമാസത്തിനകം ഉണ്ടാകാനിടയുള്ളതുമായ (മുൻ പട്ടികയിലെ കോളം നമ്പർ-6) ഒഴിവുകൾ കൂടി ചേർന്ന് ഒറ്റത്തവണ നേരിട്ടു നിയമനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇപ്രകാരം നിയമനം നടത്തുന്നതിനുള്ള നടപടികളെല്ലാം നിലവിലുള്ള നിയമന ചട്ടങ്ങൾ കർശനമായി പാലിച്ചു കൊണ്ടായിരിക്കേണ്ടതാണ്. നിയമനത്തിൽ സംവരണ വ്യവസ്ഥകൾ കർക്കശമായി പാലിച്ചിരിക്കണം. നിയമനത്തിനായി വേണ്ടി വരുന്ന ചിലവുകൾ ബോർഡ് തന്നെ വഹിക്കേണ്ടതാണ്. ഈ ഉത്തരവ് ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും നിയമന നടപടികൾ പൂർത്തിയാകുന്നതുവരെ വെബ്സൈറ്റിൽ ലഭ്യമായിരിക്കേണ്ടതുമാണ്. ഒഴിവുകളും നിയമനവും സംബന്ധിച്ച പരസ്യം മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കേണ്ടതും നിയമന നടപടികൾ സുതാര്യമായിരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.കെ.മൊഹന്തി**
അഡീഷണൽ ചീഫ് സെക്രട്ടറി

ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, എൽ ബി എസ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, തിരുവനന്തപുരം
രജിസ്ട്രാർ, കേരള/കണ്ണൂർ/കാലിക്കറ്റ്/മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് വകുപ്പ്
പരിസ്ഥിതി (ബി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ഊർജ്ജ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്